"ഭരണഭാഷ മാതൃഭാഷ"

നം. KDFWF/D/774/2020

**കേരള ക്ഷീരകർഷക ക്ഷേമനിധി**

തിരുവനന്തപുരം, തീയതി. 13.04.2020

**<u>സർക്കുലർ നം.- 02/2020</u>**

വിഷയം :- ക്ഷീരകർഷക ക്ഷേമനിധി - കോവിഡ് - 19 മായി ബന്ധപ്പെട്ട് പ്രത്യേക അടിയന്തിര ധനസഹായം അനുവദിക്കുന്നത്- വ്യക്തത വരുത്തുന്നത് സംബന്ധിച്ച്.

സൂചന:- 1) ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ 01/91 നമ്പർ തീരുമാനം.

2) ഈ ഓഫീസിൽ നിന്നും 06.04.2020 ന നൽകിയിരിക്കുന്ന സർക്കുലർ നം. 01/2020

കോവിഡ് 19 മായി ബന്ധപ്പെട്ട അടിയന്തിര ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ രണ്ടാം സൂചിത ഉത്തരവ് പ്രകാരം നൽകിയിരുന്നു. ടി നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് ഫീൽഡ് തലത്തിൽ നിന്നും ലഭിച്ചിരിക്കുന്ന അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ട് സർക്കുലർ 01/2020 - ന്മേൽ കൂടുതൽ വ്യക്തത/ ഭേദഗതി വരുത്തിയിരിക്കുന്നു.

1) **<u>ക്ഷേമനിധി അംഗങ്ങൾക്കുള്ള ആശ്വാസധനസഹായം</u> :**

ഓരോ ക്ഷീരസംഘത്തിലേയും ക്ഷേമനിധി അംഗങ്ങളുടെ വിവരങ്ങൾ ക്ഷീരജാലകത്തിലെ "My Farmers" ടാബിൽ ലഭ്യമാണ്. അതിൽ ഉൾപ്പെട്ടവർക്കു മാത്രമാണ് ആശ്വാസ ധനസഹായത്തിനു അർഹത ഉണ്ടായിരിക്കുന്നത്.

ഒരു ക്ഷീരസംഘം മുഖേന ക്ഷേമനിധി അംഗത്വം എടുക്കുകയും, മറ്റൊരു ക്ഷീരസംഘം മുഖേന പാൽ നൽകുകയും ചെയ്യുന്ന ക്ഷീരകർഷകരുടെ ക്ഷേമനിധി അംഗത്വം പാൽ നൽകുന്ന ക്ഷീരസംഘത്തിലേയ്ക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്ത് മാറ്റിയതിനു ശേഷം ധനസഹായം അനുവദിക്കേണ്ടതാണ്. ഇത്തരക്കാർക്കു ട്രാൻസ്ഫർ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം പരിഗണിച്ചുകൊണ്ട് 14.04.2020 ന മുമ്പായി ധനസഹായം നൽകണമെന്ന നിർദ്ദേശത്തിനു ഇളവ് അനുവദിക്കുന്നതാണ്.

ആശ്വാസ ധനസഹായ തുക ക്ഷേമനിധിയിൽ നിന്നും തിരികെ ലഭിക്കുന്നതിനു നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കുന്നതിനു നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ ഉള്ളതിനാൽ മാന്വലായി അപേക്ഷ ഫോർവേർഡ് ചെയ്യുന്നതിനു പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതായി ഫീൽഡ് ഓഫീസർമാർ അറിയിച്ചിരിക്കുകയാണ്. ഈ വിഷയവും,എന്നാൽ ക്ഷീരസംഘങ്ങൾക്കു തുക തിരികെ ലഭിക്കുന്നതിനുള്ള അത്യാവശ്യ സാഹചര്യവും പരിഗണിച്ചു കൊണ്ട് തുക

തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ ഓൺലൈനായി ബ്ലോക്ക് നോഡൽ ഓഫീസിൽ നിന്നും അപ്ലോഡ് ചെയ്തു നൽകുന്നതിനു ക്ഷീരജാലകം സോഫ്റ്റ് വെയറിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

അതുപോലെ ക്ഷീരസംഘങ്ങൾക്ക് ഭരണസമിതി കൂടുന്നതിനു നിയന്ത്രണങ്ങൾ ഉള്ളതിനാൽ ഭരണസമിതി തീരുമാനം ഒഴിവാക്കി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ടി അപേക്ഷ പരിഗണിച്ച് ധനസഹായം നൽകുന്നതാണ്. എന്നാൽ കോവിഡ് - 19 നിയന്ത്രണങ്ങൾ അവസാനിക്കുന്ന മുറയ്ക്ക് ഭരണസമിതി തീരുമാനവും മറ്റെല്ലാ അനുബന്ധങ്ങളും സഹിതം അസ്സൽ അപേക്ഷകൾ ക്ഷേമനിധിയിലേയ്ക്ക് അയച്ചുതരേണ്ടതാണ്. ഗുണഭോക്താക്കളുടെ തുക കൈപ്പറ്റ് രസീത് ബ്ലോക്ക് നോഡൽ ഓഫീസിൽ സൂക്ഷിച്ചാൽ മതിയാകും.

2) **<u>കോവിഡ് ബാധിതർ / നിരീക്ഷണത്തിൽ ഉള്ളവർക്കുള്ള ധനസഹായം</u>** :

കോവിഡ് രോഗബാധിതർ/ നിരീക്ഷണത്തിൽ ഉള്ളവർ എന്നിവർക്കുള്ള ധനസഹായം അർഹരായ ക്ഷേമനിധി അംഗങ്ങൾ രോഗം ഭേദമാകുന്നമുറയ്ക്ക് അഥവാ നിരീക്ഷണ കാലം അവസാനിക്കുന്നമുറയ്ക്ക് നിശ്ചിത മാതൃകയിൽ ക്ഷീരസംഘം, ക്ഷീരവികസന ഓഫീസുകൾ മുഖേന മാന്വലായി സമർപ്പിക്കാവുന്നതാണ്. ടി ധനസഹായം ക്ഷീരസംഘങ്ങൾ മുൻകൂറായി നൽകുവാൻ പാടുള്ളതല്ല.

OFFICE OF THE EXECUTIVE OFFICER
Thiruvananthapuram
Date:..........................
KERALA DAIRY FARMERS WELFARE FUND

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

CHIEF EXECUTIVE OFFICER
Kerala Dairy Farmers Welfare Fund
Thiruvananthapuram

**പകർപ്പ്:**

1) ചെയർമാൻ, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്
2) ക്ഷീരവികസന വകുപ്പ് ഡയറക്ടർ (ആമുഖകത്ത് സഹിതം)
3) എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
4) എല്ലാ ജില്ലാ നോഡൽ ഓഫീസർമാർക്കും (ഈ സർക്കുലറിലെ വിവരങ്ങൾ അതാത് ജില്ലയിലെ എല്ലാ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളെയും, ക്ഷീരവികസന ഓഫീസർമാരെയും ഡയറി ഫാം ഇൻസ്ട്രക്ടർമാരെയും, ക്ഷീരജാലകം പ്രമോട്ടർമാരെയും അറിയിക്കേണ്ടതാണ്)
5) സഞ്ചയം/ശേഖരസഞ്ചയം